(ബി) വിചാരണ കോടതികളല്ലാതെ പ്രസ്തുത കേസ്സുകളിൽ കീഴ്കോടതികൾ പ്രതികൾക്ക് ജാമ്യം നൽകാറുണ്ടോ?

ഉത്തരം

(എ) അബ്ക്കാരി ആക്ട് പ്രകാരം അറസ്റ്റിലാകുന്ന പ്രതികളെ അവരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റത്തിന് നിശ്ചയിച്ചിട്ടുള്ള ശിക്ഷയുടെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ മുതൽ സെഷൻസ് കോടതികളിൽ വരെ വിചാരണ നടത്തുന്നു.

(ബി) വിചാരണ കോടതിയാണ് ജാമ്യം കൊടുക്കേണ്ടതെങ്കിലും അപൂർവമായി കേസിന്റെ പ്രത്യേക സ്വഭാവമനുസരിച്ച് കീഴ്ക്കോടതികൾ ജാമ്യമനുവദിക്കാറുണ്ട്.

ഗുരുവായൂർ ഡി വൈ. എസ്. പി. ഓഫീസ് ആരംഭിക്കാൻ നടപടി

62 [1537] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ഡി വൈ. എസ്. പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും എന്നു വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ), (ബി) & (സി) ഗുരുവായൂർ പോലീസ് സ്റ്റേഷൻ, ഡി വൈ. എസ്. പി. ഓഫീസായി ഉയർത്തണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

റൂറൽ ഡി വൈ. എസ്. പി. ഓഫീസ് അനുവദിക്കാൻ നടപടി

63 [1538] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ കേന്ദ്രമാക്കി റൂറൽ ഡി വൈ. എസ്. പി. ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly